# സെന്റ് ആന്റണീസ് ഹൈസ്കൂൾ

# കണ്ണോത്ത്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26



# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | - | കോഴിക്കോട് |
| 2. സ്കൂൾ കോഡ് | - | 47084 |
| 3. സ്കൂളിന്റെ പേര് | - | സെന്റ്. ആന്റണീസ് എച്ച്.എസ്. കണ്ണോത്ത് |
| 4. മേൽവിലാസം | - | കണ്ണോത്ത് പി.ഒ., കോഴിക്കോട് ജില്ല |
| 5. പിൻകോഡ് | - | 673580 |
| 6. ഫോൺനമ്പർ | - | 8078261048 |
| 7. ഗ്രാമപഞ്ചായത്ത് | - | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 8. വിദ്യാഭ്യാസ ജില്ല | - | താമരശ്ശേരി |
| 9. ക്ലാസുകൾ | - | 8 മുതൽ 10 വരെ |
| 10. മാനേജ്മെന്റ് | - | എയ്ഡഡ് |
| 11. പഠനമാധ്യമം | - | മലയാളം/ഇംഗ്ലീഷ് |

# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തിന് അതിബൃഹത്തായ മാറ്റങ്ങൾ പ്രകടമായിക്കൊ ിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നന്മകൾ കടന്നുപോയിക്കൊ ിരിക്കുകയാണ്. അറിവും കഴിവും ധാർമ്മീക മൂല്യങ്ങളുമുള്ള ഒരു മികച്ച തലമുറയെ വാർത്തെടുക്കുക എന്നതാണല്ലോ വിദ്യാഭ്യാസം കൊ ുള്ള പരമമായ ലക്ഷ്യം. മാറിക്കൊ ിരിക്കുന്ന ലോകത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് വിദ്യാഭ്യാസ പ്രക്രിയയെ നവീകരിക്കാനും ഓരോ കുട്ടിയുടേയും പഠന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുവാനും ഉതകുന്ന ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ഏതൊരു വിദ്യാലയത്തിന്റേയും സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ഓരോ വിദ്യാല.ത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, പാഠ്യപദ്ധതിയെ കാലാനുസൃതമായി പരിഷ്ക്കരിക്കുക, അദ്ധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുക, സാങ്കേതിക വിദ്യയുടെ സാധ്യതകൾ പഠനത്തിൽ ഉപയോഗപ്പെടുത്തുക, സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക എന്നിവയെല്ലാം അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. കുട്ടികളുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകി അക്കാദമിക മികവിനൊപ്പം സർഗ്ഗാത്മകതയും സാമൂഹിക പ്രതിബദ്ധതയും വളർത്തുന്ന ഒരു വിദ്യാഭ്യാസ അന്തരീക്ഷം കെട്ടിപ്പടുക്കാനുള്ള വഴികൾ ചുവടെ ചേർക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 വിശദീകരിക്കുന്നു.

## സെന്റ് ആന്റണീസ് ഹൈസ്കൂൾ - കണ്ണോത്ത്

## (ചരിത്രത്തിലെ ഓർമ്മകളിലൂടെ)

കണ്ണോത്ത് എന്ന കൊച്ചു ഗ്രാമത്തെ ‘ഒറ്റവാക്കിൽ കുടിയേറ്റ ഭൂമിക’ എന്നു വിശേഷിപ്പിക്കാം. പ്രകൃതിയോട് പടവെട്ടി ജീവിതത്തെ തുന്നിച്ചേർക്കാം എന്ന പ്രതീക്ഷയിൽ തിരുവിതാംകൂറിൽ നിന്നും മലബാറിലേയ്ക്ക് സംവത്സരങ്ങൾക്കു

മുൻപ് കുടിയേറിയ മുൻ തലമുറ മണ്ണിനോട് മല്ലിട്ട് വെട്ടി വെളുപ്പിച്ച് മനുഷ്യ വാസയോഗ്യമാക്കിയ ഫലഭൂയിഷ്ടമായ നാടാണ് 'കണ്ണോം' എന്ന് മുൻപും 'കണ്ണോത്ത്' എന്ന് പിന്നീടും അറിയപ്പെട്ട ഈ മലയോര മേഖല.

1974-ൽ തലശ്ശേരി രൂപതയുടെ പരമാധികാരിയായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റിൻ വള്ളോപ്പള്ളി പിതാവിൻരെ ദീർഘ വീക്ഷണത്തോടെയുള്ള നിർദ്ദേശത്തെ ശിരസ്സാവഹിച്ചുകൊണ്ട് കണ്ണോത്ത് സെന്റ് മേരീസ് പള്ളി വികാരിയായിരുന്ന റവ. ഫാദർ മാത്യു കൊട്ടുകാപ്പള്ളിയാണ് കണ്ണോത്ത് ഹൈസ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചത്.

1976 ജൂൺ 1-ന് തിരുവമ്പാടി എം.എൽ.എ. ആയിരുന്ന ശ്രീ. സിറിയക് ജോൺ ഉദ്ഘാടനം നിർവ്വഹിക്കുമ്പോൾ കണ്ണോത്ത് ഹൈസ്കൂളിൽ 153 വിദ്യാർത്ഥികളും 7 അദ്ധ്യാപകരും 3 അനധ്യാപകരുമായിരുന്നു ഉണ്ടായിരുന്നത്.

1979-ൽ തലശ്ശേരി രൂപത കോർപ്പറേറ്റ് എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിലും 1987 മുതൽ താമരശ്ശേരി രൂപത കോർപ്പറേറ്റ് എജ്യൂക്കേഷന് ഏജൻസിയുടെ കീഴിലും കണ്ണോത്ത് ഹൈസ്കൂൾ സുഗമമായി പ്രവർത്തിച്ചുവരുന്നു.

**പാഠ്യപദ്ധതി - പൊതു ലക്ഷ്യങ്ങൾ**

കാലാനുഗതമായ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന നവലോകത്തെ നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി പഠിതാവിന്റെ നിലവാരത്തെ മികവുറ്റതാക്കുക എന്നതാണ് സുപ്രധാന ലക്ഷ്യം. വിദ്യാർത്ഥികൾ ആർജ്ജിച്ച അറിവുകളെ പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠന പ്രവർത്തനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. അവയെല്ലാം താഴെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നവയാണ്.

- പ്രവർത്താനാധിഷ്ഠിതമായത്.
- കാലോചിതം
- ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത്.

- പരിസ്ഥിതി സൗഹൃദമായത്.
- ഭിന്നശേഷിക്കാരെ പരിഗണിച്ചിട്ടുള്ളത്.
- പഠനത്തോടൊപ്പം വിലയിരുത്തലും ഉറപ്പു വരുത്തുന്നത്.
- പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നത്.
- പഠിതാവിന് കേന്ദ്ര സ്ഥാനം നൽകിയിട്ടുള്ളത്.

**പഠനാന്തരീക്ഷം**

പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. അതിന് സഹായകമായ പഠനാന്തരീക്ഷമാണ് നമ്മുടെ വിദ്യാലയത്തിൽ സജ്ജമാക്കുന്നത്. അത്യാധുനീകവും ഏറെ സൗകര്യമുള്ളതുമായ ക്ലാസ്സ് മുറികൾഅവർക്കായി തയ്യാറാക്കിയിരിക്കുന്നു.

**പഠന പ്രക്രിയ**

- ഓരോ കുട്ടിയുടേയും സമഗ്ര വളർച്ച ലക്ഷ്യം വയ്ക്കുന്നു.
- വ്യത്യസ്തമായ പഠനാവശ്യമുള്ളവരേയും അഭിരുചിയുള്ളവരേയും പരിഗണിക്കുന്നു.
- പഠനവേഗം പരിഗണിച്ച് പഠനാനുഭവങ്ങൾ നൽകുന്നതിനാൽ പഠന പ്രക്രിയ ഫലപ്രദമാകുന്നു.

**പഠന നേട്ടങ്ങൾ**

വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നടക്കുന്ന പഠന പ്രവർത്തനങ്ങളുടെ ഫലമായി അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ പഠിതാവിൽ രൂപപ്പെടുന്നു. പാഠ്യപദ്ധതിയുടെ ഫലപ്രദമായ വിനിമയത്തിലൂടെ എല്ലാ കുട്ടികളുടേയും പഠന നേട്ടങ്ങൾ മുന്നിൽ കണ്ട് പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.

**അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ**

ഭൗതീകവും അക്കാദമികവും സാമൂഹികവുമായ മേഖലയിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മ പദ്ധതികൾ  നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപകർ, രക്ഷിതാക്കൾ, സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കർമ്മ സമിതിയ്ക്ക് രൂപം നൽകി.

പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രഥമാധ്യാപകർക്കു ലഭിച്ച നിർദ്ദേശാടിസ്ഥാനത്തിൽ സ്കൂളിൽ യോഗം ചേർന്ന് വിഷയം അവതരിപ്പിച്ചു. കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് തോമസ് ചെമ്പകശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് വിദ്യാലയ വികസന സമിതിയ്ക്ക് രൂപം നൽകി. വിവിധ ക്ലബ്ബ് കൺവീനർമാരുടേയും സബ്ജക്ട് കൗൺസിൽ കൺവീനർമാരുടേയും വാർഷിക റിപ്പോർട്ടുകൾ അവതരിപ്പിച്ച് അംഗീകാരം നൽകി.

തുടർച്ചയായ അദ്ധ്യയന വർഷങ്ങളിൽ നമ്മുടെ വിദ്യാലയം തേടുന്ന 100% എസ്.എസ്.എൽ.സി. പരീക്ഷാ വിജയവും നിരവധി ഫുൾ എ പ്ലസ് നേട്ടങ്ങളും എൻ.എം.എം.എസ്. വിജയങ്ങളും ഏറെ പ്രതീക്ഷ നൽകുന്നതാണ്. വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ലഘൂകരിക്കുവാൻ സ്കൂൾ കൗൺസിലർമാർ വളരെയേറെ സഹായിച്ചു.

നൂതന സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം സാധ്യമാക്കിയിട്ടുള്ള സയൻസ് ലാബ്, ഐ.ടി. ലാബ്, ലൈബ്രറി, റീഡിംഗ് റൂം,  നിർമ്മിത ബുദ്ധി (എ.ഐ.) അടിസ്ഥാനമാക്കിയ ലാബ് തുടങ്ങിയവും വിവിധ കായിക മത്സര ഇനങ്ങളുടെ പരിശീലനവും നടന്നു വരുന്നു.

**തൊഴിൽ അധിഷ്ഠിത നൈപുണി വികസന കേന്ദ്രം നമ്മുടെ സ്കൂളിൽ സജ്ജമാക്കിയിരിക്കുന്നു.**

| | | |
|---|---|---|
| മുഖ്യ രക്ഷാധികാരി | : | എം.പി., എം.എൽ.എ. |
| രക്ഷാധികാരികൾ | : | ശ്രീ. അലക്സ് തോമസ് ചെമ്പകശ്ശേരി<br>(കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ്) |
| | | റവ. ഫാ. (സ്കൂൾ മാനേജർ) |
| ചെയർമാൻ | : | വാർഡ് മെമ്പർ |
| വൈസ് ചെയർമാൻ | : | ശ്രീ. അഭിലാഷ് (പി.റ്റി.എ. പ്രസിഡന്റ്) |
| | : | (എം.പി.റ്റി.എ. പ്രസിഡന്റ്) |
| കൺവീനർ | : | ശ്രീ. റോഷിൻ മാത്യു (ഹെഡ് മാസ്റ്റർ) |
| ജോയിന്റ് കൺവീനർ | : | ശ്രീമതി ഡാലി ഫിലിപ്പ് (സീനിയർ അസിസ്റ്റൻഡ്) |
| | | ശ്രീമതി ടീനാ ജോസ് (എസ്.ആർ.ജി. കൺവീനർ) |
| അംഗങ്ങൾ | : | അധ്യാപകർ, സ്കൂൾ ലീഡർ, രക്ഷിതാക്കൾ,<br>പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ,<br>പബ്ലിക് ലൈബ്രറി പ്രതിനിധികൾ,<br>വ്യാപാരി വ്യവസായി സ്ഥാപന പ്രതിനിധികൾ |

**സ്റ്റാഫ് പ്രതിനിധികൾ**

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | : | ശ്രീ. റോഷിൻ മാത്യു |
| സീനിയർ അസിസ്റ്റന്റ് | : | ശ്രീമതി ഡാലി ഫിലിപ്പ് |
| സ്റ്റാഫ് സെക്രട്ടറി | : | അജേഷ് ജോസ് |
| ഗണിതം | : | ലൗലി മാനുവൽ |
| ഫിസിക്സ് | : | ജ്യോതിസ് ജേക്കബ് |
| കെമിസ്ട്രി | : | ജിഷ ജോർജ്ജ് |
| ബയോളജി | : | അനൂജ |
| സോഷ്യൽ സയൻസ് | : | സി. മേരി എം.വി. |
| മലയാളം | : | അജേഷ് ജോസ് |
| ഇംഗ്ലീഷ് | : | ദീപ ആന്റണി |
| ഹിന്ദി | : | രാജീവ് മാത്യു |
| എസ്.ഐ.ടി.റ്റി.സി. | : | ജിഷ ജോർജ്ജ് |
| ഫിസിക്കൽ എഡ്യൂക്കേഷൻ | : | ഷിബു കെ.എം. |
| പ്രവർത്തിപരിചയം | : | ബിജി |

**ക്ലബ്ബ് കൺവീനർമാർ**

| | | |
|---|---|---|
| ഹെൽത്ത് ക്ലബ്ബ് | : | രാജേഷ് മാത്യു |
| ഉച്ചഭക്ഷണം | : | രാജീവ് മാത്യു |

ലൈബ്രറി : ഇൻഫന്റ് മേരി ജോസ്

വ്യക്തിത്വ വികസനം : സി. ലിനറ്റ്

ജാഗ്രതാ സമിതി : സി. ലിനറ്റ് & ജ്യോതിസ് ജേക്കബ്

ലിറ്റിൽകൈറ്റ് : ദിപ ആന്റണി

**അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം – നമ്മുടെ മാതൃഭാഷ**

മാതൃഭാഷയിലുള്ള പ്രാവീണ്യം പഠിതാവിനെ പ്രാപ്തരാക്കുന്നു. ഭാവനയുടെ വികസനവും ചിന്താശേഷിയും സർഗ്ഗശേഷിയും പരിപോഷിപ്പിക്കുവാനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

**ലക്ഷ്യങ്ങൾ**

- മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും പഠിക്കുക.
- മുഴുവൻ കുട്ടികൾക്കും ഭാഷാപരമായ നൈപുണി നേടുന്നതിന് ഭാഷാ പഠനം സഹായകരമാകുന്നു.
- എല്ലാ കുട്ടികളിലും മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അർത്ഥപൂർണ്ണമായ രീതിയിൽ പുസ്തക വായന സാധ്യമാക്കുക.
- ഐ.ടി. അടക്കമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്

**പ്രവർത്തനങ്ങൾ**

ഭാഷാധ്യാപകർ സബ്ജക്ട് കൗൺസിൽ കൂടി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നു. ചർച്ചയിൽ തീരുമാനിച്ച കാര്യങ്ങൾ യഥാക്രമം നടപ്പിലാക്കുന്നു.

**ജൂൺ**

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ

- പാഠപുസ്തക വായന നിർബന്ധമാക്കൽ
- കൈരളി ക്ലബ്ബിന്റെ നേതൃത്വത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ ഭേദഗതികളോടെ നടത്തുന്നു. (കവിതാ പാരായണം, പുസ്തകാസ്വാദനം, ഏതെങ്കിലുമൊരു സാഹിത്യകാരന്റെ പ്രധാന കൃതി പരിചയപ്പെടുത്തൽ)
- ജൂൺ 19 മുതൽ വായനവാരം ആചരിക്കുന്നു. പി.എൻ. പണിക്കരുടെ സ്മരണാർത്ഥം പ്രത്യേക അസംബ്ലി നടത്തുന്നു.
- പുസ്തക പരിചയം, വായനാദിന സന്ദേശം, ചിന്താവിഷയം പങ്കുവയ്ക്കൽ, വായനാദിന ക്വിസ്
- കൈരളി ക്ലബ്ബിന്റെ നേതൃത്വത്തിൽ സാഹിത്യദിനാചരണങ്ങൾ ആചരിക്കുന്നു.

**ജൂലൈ**

- ജൂലൈ 5 - വൈക്കം മുഹമ്മദ് ബഷീർ ദിനം ആചരിക്കുന്നു. അതിനോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കാരിക്കേച്ചർ, ദൃശ്യാവിഷ്കാരം, നാടകം, പതിപ്പ് തയ്യാറാക്കൽ എന്നിവ അതിന്റെ ഭാഗമായി നടത്തപ്പെടുന്നു.
- ബഷീറിന്റെ പ്രധാന കൃതികൾ പരിചയപ്പെടുന്നു.
- വായനക്കൂട്ടം രൂപീകരിക്കൽ

**ആഗസ്റ്റ്**

- വാഗ്മി പരിശീലനം (ഒറേറ്റർ)
- പഠനയാത്ര സംഘടിപ്പിക്കുന്നു.
- ഓണപാട്ടുകളും, നാടൻ പാട്ടുകളും ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുന്നു.

**സെപ്റ്റംബർ**

- ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു.

**ഒക്ടോബർ**

- ഒക്ടോബർ 27 – വയലാർ രാമവർമ്മ അനുസ്മരണ ദിനം.
  - ✓ വയലാറിന്റെ സിനിമാ ഗാനങ്ങൾ, കവിതകൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**നവംബർ**

- നവംബർ 1 – കേരളപ്പിറവി ദിനം ആചരിക്കുന്നു.
  - ✓ കേരളപിറവി ദിന സന്ദേശം, ക്വിസ് മത്സരം, മാതൃഭാഷ ഇന്ന് അന്യവത്കരിക്കപ്പെടുന്നുണ്ടോ എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുന്നു.

**ഡിസംബർ**

- രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. (ഉപന്യാസം, കഥ) കുട്ടി സ്വന്തം കഥ എഴുതി അവതരിപ്പിക്കുന്നു. തുഞ്ചൻ ദിനം ആചരിക്കുന്നു.

**ജനുവരി**

- പ്രസംഗ മത്സരം
- വാർത്താ വായന മത്സരം
- ഇ-വായന

**ഫെബ്രുവരി**

- ഫെബ്രുവരി 21 – ലോകമാതൃഭാഷാ ദിനത്തോടനുബന്ധിച്ച് പദകേളി നടത്തുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ – English

In order to improve the interactive skills in students, we the teachers of English put forward the year plan, that we decided to do in the economic academic years.

1. Ensure that all English learners access and master the English language in a timely manner.
2. Engage English learners in meaningful cultural, social and academic activities.
3. Develop excellent communication skills in English.
4. Encourage and empower creative and academic skills.

Activities that we decided to implement this year

1. Story time : To encourage reading habit, distribute library books and encourage students to write short reviews.
2. Drama and Theatre : Prepare the children to present drama /skit for Kalamela and Annual day.
   - ✓ Encourage the students to write scripts for dramatic presentations from the text and present in the class.
3. Cinema and documentary : Conduct film festivals related with a theme.
4. Young talents : Conducting competitions to find out young talents.
   - ✓ Speech
   - ✓ Recitation
   - ✓ Essay Writing
   - ✓ Poem Writing
5. Collaborative learning experience : writing posters and slogans related with special days of celebrations.
6. News reading, thought for the day presentations.

7. Public speaking tutorials start on oratory club and give necessary training for the children for public speaking.
8. Smart English Class – To make it more efficient. Include activity based activities. Vocabulary learning reels and games also can include to make it child friendly.
9. English Fest – End of second term, arrange a week to celebrate English related activities.

Other things discussed

1. Ensure subject council is meeting weekly.
2. From the five English periods, one fixed period is leaving for Grammar teaching.
3. Instead of following the conventional teaching, make the classes more active by giving more importance for communicative English. A few activities can skip and others can include in the C.E. make sure that all English teachers are doing the same activities.
4. Ensure that all children are completely notes.
5. Enable the children to write appreciation of poems. Give necessary guidance and training incessantly.
6. Before starting each unit give an overview of the pattern of the unit.

**<u>Activities</u>**

**June**

1. English club Inauguration.
2. Story time O To encourage reading habit distribute library books and encourage students to write short reviews.
3. Inauguraton : Smart English programme.

**August**

1. Inauguration of Oratory club
2. Speech (Comp)

**September**

1. Drama Club
2. Essay writing competition.

**October**

1. Cinema and a documentary conducting film festival related with a theme.

**November**

1. Short film making competition.
2. Poster and slogan making  related with the theme.

**December**

1. Story writing competition

**January**

1. English Fest.

## അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി

മേഖല : അക്കാദമികം

**പൊതുവായ ലക്ഷ്യങ്ങൾ**

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

3. ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുന്നു.

5. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**എട്ടാം തരം (8th)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിശീലിപ്പിക്കുന്നു. | അക്ഷരങ്ങൾ എഴുതിയിരിക്കുന്നു. അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ഓഡിയോ വിഷൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ, ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ കുട്ടിയുടേയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക്ഷീറ്റ് നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീപ്പിക്കുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഡിസംബർ മുതൽ ജനുവരി വരെ |
| വായനാ | ചിത്രകഥ, കാർട്ടൂൺ | ഡിസംബർ |

| | | |
|---|---|---|
| പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ജനുവരി |
| കാർട്ടൂൺ ചിത്രം, കഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | | |

**ഒമ്പതാം തരം (9th)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | ജൂൺ, ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതിപ്പിക്കുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. കവിത | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. | നവംബർ – ഡിസംബർ |

| | | |
|---|---|---|
| വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു. | ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. കവിതകൾ നൽകി ആസ്വാദന കുറിപ്പ് ക്ലാസ്സിൽ വായിപ്പിക്കുന്നു. | |

**പത്താം തരം (10th)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സന്ദർഭോചിതമായി സംഭാഷണങ്ങൾ തയ്യാറാക്കാൻ പറയുന്നു. തിരക്കഥ, ഡയറി, പോസ്റ്റർ, കത്ത്, സംഭാഷണം, പത്ര വാർത്ത എന്നിവ തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ |
| സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ നൽകുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ – ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. കഥാപാത്ര നിരൂപണം തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു. ഡയറി എഴുതുന്നു. | നവംബർ - ജനുവരി |

| | | |
|---|---|---|
| ഭാഷാ വികാസം, ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ (എ.ഐ.) സാധ്യതകളെ പ്രയോജനപ്പെടുത്തുക. സ്പോക്കൺ ഹിന്ദി പരിശീലിപ്പിക്കുക. | അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിപ്പിക്കുന്നു. ആശയങ്ങൾ പ്രകടിപ്പിക്കുവാനുള്ള ആവസരം നൽകുന്നു. എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നു. | മാർച്ച് |

## അക്കാദമിക മാസ്റ്റർ പ്ലാൻ – സാമൂഹ്യശാസ്ത്രം

വ്യക്തിയും സമൂഹവും തമ്മിലും വ്യക്തികൾ തമ്മിലും ഇടകലർന്ന ബന്ധങ്ങളെ കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യ ശാസ്ത്ര പഠനം. ശാസ്ത്രം, രാഷ്ട്രതന്ത്രം, സാമൂഹ്യ ശാസ്ത്രം, ഭൂമി ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലായി ഇതിനെ വേർതിരിച്ചിരിക്കുന്നു.

- 2024 മെയ് 25-ന് സോഷ്യൽ സയൻസ് കൗൺസിൽ മീറ്റിംഗ് സമ്മേളിച്ചു.

ഈ വർഷത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സാമൂഹ്യ ശാസ്ത്ര പഠനം എങ്ങനെ ഉൾച്ചേർക്കാമെന്ന് ചർച്ച ചെയ്തു. കുട്ടികളുടെ വ്യക്തിത്വ രൂപീകരണവും സാമൂഹീകരണവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ**

- വർഷാരംഭത്തിൽ തന്നെ സോഷ്യൽ സയൻസ് ക്ലബ്ബ് രൂപീകരിക്കുക.
- ക്ലബ്ബ് മീറ്റിംഗിനായി കൃത്യമായും സമയബന്ധിതമായും നടത്തുക.

- ക്ലബ്ബിന്റെ പ്രവർത്തന റിപ്പോർട്ട്, മിനിട്സ് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിക്കുക.
- ഓരോ മാസവും ഒരു ഔട്ട്പുട്ട് എങ്കിലും ഉണ്ടാവുക.
- സബ്ജക്ട് കൗൺസിൽ കൃത്യമായി കൂടുക.

**2024–25 വർഷം നടത്തുവാൻ പോകുന്ന പ്രധാന പ്രവർത്തനങ്ങൾ**

**ജൂൺ**

- പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഡ്രൈ ഡേ ആചരിക്കുക.
- ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ

**ജൂലൈ**

- ഡ്രൈ ഡേ ആചരണം
- ജനസംഖ്യാ ദിന ക്വിസ് മത്സരം

**ആഗസ്റ്റ്**

- യുദ്ധ വിരുദ്ധ ദിനത്തോടനുബന്ധിച്ച് ുലമരലളൗഹ രീലഃശലെേിരല ന് സഹായിക്കുന്ന മോട്ടിവേഷൻ ക്ലാസ്സ്.
- സ്വാതന്ത്ര്യദിനാഘോഷം

**സെപ്റ്റംബർ**

- സോഷ്യൽ സയൻസ് സബ്-ജില്ലാ മേളയ്ക്കായുള്ള തയ്യാറെടുപ്പുകൾ

**ഒക്ടോബർ**

- ഗാന്ധി ക്ലബ്ബ് രൂപീകരണം
- ഗാന്ധി ജയന്തി ദിനാചരണം

- ഗാന്ധി ജയന്തി സന്ദേശം

**നവംബർ**

- ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സെമിനാർ
- സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ച് ക്വിസ് മത്സരം
- ശിശുദിനം - പണ്ഡിറ്റ് ജവഹർലാർ അനുസ്മരണം

**ഡിസംബർ**

- സ്കൂൾ പരിസരം വൃത്തിയാക്കൽ

**ജനുവരി**

- റിപ്പബ്ലിക് ദിനം - ഇന്ത്യൻ ഫെഡറൽ സംവിധാനത്തെക്കുറിച്ച് പ്രവർത്തനങ്ങൾ നൽകി പേപ്പർ അവതരിപ്പിക്കുന്നു.

**ഫെബ്രുവരി**

- ജല സംരക്ഷണം, മണ്ണ് സംരക്ഷണം ഇവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ സെമിനാർ.

**മാർച്ച്**

- സ്കൂൾ പരിസരം വൃത്തിയാക്കൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ – സയൻസ്

- ജൂൺ മാസത്തിൽ സയൻസ് ക്ലബ്ബുമായി ബന്ധപ്പെട്ട് തൊഴിലധിഷ്ഠിത പഠനം (Electric Wiring, Pipe cutting etc.) പ്രായോഗിക ജീവിതത്തിൽ നേടിയെടുക്കുന്നതിനാവശ്യമായ പരിശീലനം സയൻസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ നൽകുന്നതിന് തീരുമാനിച്ചു. Idea hunting for YIP, Inspire Award, SIM
- ജൂലൈ മാസത്തിൽ ചാന്ദ്രദിനത്തോടനുബന്ധിച്ച് കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായി ടെലസ്കോപ്പ് നിർമ്മാണം, വർക്ക്ഷോപ്പ്, വർക്കിംഗ് മോഡൽ – സാറ്റലൈറ്റ് എന്നിവ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.
- ആഗസ്റ്റ് മാസത്തിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഔഷധ സസ്യോദ്യാന നിർമ്മാണവും പരിചരണവും നടത്തുന്നതിന് തീരുമാനിച്ചു.
- സെപ്റ്റംബർ മാസത്തിൽ ശാസ്ത്രമേളയ്ക്കുള്ള ഒരുക്കവുമായി ബന്ധപ്പെട്ട് മാസത്തിന്റെ ആദ്യവാരം തന്നെ സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിച്ച് അതിൽ നിന്ന് മികച്ച കുട്ടികളെ ക    ത്തി അധ്യാപകരുടെ നേതൃത്വത്തിൽ സബ്ജില്ലാ മേളയ്ക്കായി പരിശീലനം നൽകുന്നതിന് തീരുമാനിച്ചു.
- ഒക്ടോബർ മാസത്തിൽ ബഡ്ഡിംഗ്, ഗ്രഫ്റ്റിംഗ്, ലെയറിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിനായി ബയോളജി അധ്യാപകരുടെ നേതൃത്വത്തിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.
- ഡിംബർമാസത്തിൽ 'പ്രകൃതിദുരന്ത നിവാരണവും എ.ഐ. സാങ്കേതിക വിദ്യയും' എന്ന വിഷയത്തിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
- ജനുവരി മാസത്തിൽ പിസികൾച്ചറുമായി ബന്ധപ്പെട്ട് വിവിധയിനം അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും മത്സ്യകൃഷി പരിശീലനവും നൽകുന്നതിന് തീരുമാനിച്ചു.
- ഫെബ്രുവരി മാസത്തിൽ 'ഫുഡ് അഡൽട്രേഷനുമായി' ബന്ധപ്പെട്ട് ഭക്ഷ്യ വിഭവങ്ങളിലെ മായംചേർക്കൽ തിരിച്ചറിയുന്നതിനും തടയുന്നതിനുമായി ബന്ധപ്പെട്ട് പ്രോജക്ട് അവതരണം നടത്താൻ തീരുമാനിച്ചു.

- സ്കൂളിൽ പ്രവർത്തിക്കുന്ന റോബോട്ടിക് ക്ലാസ്സുകൾ വിദഗ്ധരായ പരിശീലക രുടെ സഹായത്തോടെ മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചു.

**അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം**

ഗണിതപഠനം സരളമായ രീതിയിൽ പഠിതാക്കളിൽ സന്നിവേശിപ്പിക്കാൻ സാധിച്ചാൽ അത് പഠിതാക്കളിൽ ഉണ്ടാക്കിയെടുക്കുന്ന ഫലപ്രാപ്തി വളരെയേറെ വിസ്മയകരമാണ്. ഗണിത ശാസ്ത്രത്തെ ഭയത്തോടെയല്ല മറിച്ച് അടങ്ങാത്ത താല്പര്യത്തോടെയാണ് ഓരോ പഠിതാവും സമീപിക്കേണ്ടത് എന്ന ആശയം ദൂര വ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കും. ഭാവിയിൽ മികച്ച ഗണിതാവ ബോധമുള്ള വ്യക്തികളായി തീരാൻ സ്കൂൾ പഠനകാലത്തെ ഗണിത പഠന പ്രവർത്തനങ്ങൾ ചാലക ശക്തിയായി വർത്തിക്കുക തന്നെ ചെയ്യും. ഗണിത ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ 2024-25 അധ്യയന വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ ചേർക്കുന്നു.

ജൂൺ – ഗണിത ശാസ്ത്ര ക്ലബ്ബ് രൂപീകരണം, വാരാന്ത്യ ഗണിതം, മാത്സ് കോർണർ

ജൂലൈ – Snake & ladder board നിർമ്മാണ പരിശീലനം, കുട്ടികൾക്ക് Snake & ladder എങ്ങനെ മികച്ച രീതിയിൽ കളിക്കാം എന്നതിന്റെ പരിശീലനം

ആഗസ്റ്റ് – മെഗാ ഗണതി ക്വിസ് സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ – ജ്യോമട്രിക് ചാർട്ട് നിർമ്മാണവും അവയുടെ പ്രദർശനവും ഒരു മത്സരയിനമായി നടത്തുന്നു.

ഒക്ടോബർ – Ruby Cube മത്സരം സംഘടിപ്പിക്കുന്നു.

നവംബർ – Still model നിർമ്മാണവും പ്രദർശനവും, ഗണിത മെഗാ ക്വിസ് പാർട്ട് 2 സംഘടിപ്പിക്കുന്നു.

ഡിസംബർ - രാമാനുജൻ ദിനാചരണം സംഘടിപ്പിക്കുന്നു.

ജനുവരി - ശ്രീ. വിൻസെന്റ് സാറിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുന്നു.

ഫെബ്രുവരി - ഗണിത മെഗ് ക്വിസ് പാർട്ട് 3, അതോടൊപ്പം ഓരോ ക്ലാസ്സിലെയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഐ.റ്റി. വിഭവങ്ങൾ കണ്ടെത്തുകയും Geogebra Software കുട്ടികളെ പരിചയപ്പെടുത്തി ഗണിതാധിഷ്ഠിതമായ TLM നിർമ്മിക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ – സംഗീതം

കുട്ടികളുടെ സമഗ്രമായ വളർച്ച കലയിലൂടെ - ശാരീരികവും മാനസീകവുമായ കഴിവുകൾ വളർത്തുവാൻ സംഗീതത്തിലൂടെ സാധിക്കുന്നു. ഭയം, മാനസീക പിരിമുറുക്കമുണ്ടാക്കുന്ന സാഹചര്യം എന്നിവയിൽ നിന്ന് കുട്ടിയെ ആസ്വാദ്യകരമായ ഒരു ലോകത്തേയ്ക്ക് ആനയിക്കാൻ സംഗീതത്തിന് സാധിക്കുന്നു.

**പ്രവർത്തനങ്ങൾ**

**ജൂൺ**

1. പുതിയ കുട്ടികളെ പരിചയപ്പെടുത്തുന്നു.
2. വിവിധ കലാമത്സരങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തൽ
3. സംഗീതത്തിന്റെ അടിസ്ഥാന ഘടകങ്ങളെ പരിചയപ്പെടുത്തൽ
4. പ്രശസ്തരായ കലാകാരന്മാരെ പരിചയപ്പെടുത്തൽ

**ജൂലൈ**

1. വിവിധ മോഡലുകൾ കൊടുത്ത് ചിത്രകല പരിചയപ്പെടുത്തുന്നു. ചിത്രം വരപ്പിക്കുന്നു.

2. പ്രശസ്തരായ ചിത്രകാരന്മാരെ പരിചയപ്പെടുത്തുന്നു.

**ഓഗസ്റ്റ്**

1. കേരളത്തിലെ പാരമ്പര്യ നൃത്ത രൂപങ്ങൾ പരിപയപ്പെടുത്തുന്നു. ഓരോ നൃത്ത രൂപങ്ങളിലും ഉപയോഗിക്കുന്ന വാദ്യങ്ങൾ, ആലാപന രീതി, ചുവടുകൾ എന്നിവ പരിചയപ്പെടുത്തുന്നു.

**സെപ്റ്റംബർ**

1. സംഗീതത്തിലെ വ്യത്യസ്ത താളങ്ങളുടെ പരിശീലനം

2. പ്രശസ്തരായ താളവാദ്യ വിദഗ്ദ്ധരെ പരിചയപ്പെടുത്തുന്നു.

3. ഓണപ്പാട്ട് പരിശീലനം

**ഒക്ടോബർ**

1. ചിത്രകലയുടെ അടിസ്ഥാനത്തിൽ കൊളാഷ് ചിത്രം തയ്യാറാക്കൽ.

2. മനുഷ്യരൂപങ്ങൾ ഉൾക്കൊള്ളുന്ന ചിത്ര രചന

3. വിവിധ ചിത്രകാരന്മാരെ പരിചയപ്പെടുത്തൽ

**നവംബർ**

1. ഒരു നൃത്തം മനോഹരമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ നൃത്താവിഷ്കാര പരിശീലനം

2. വിവിധ കവിതകളുടെ നൃത്താവിഷ്കാര പരിശീലനം

3. പ്രശസ്തരായ ശാസ്ത്രീയ നൃത്ത കലാകാരികളെ പരിപയപ്പെടുത്തുന്നു.

**ഡിസംബർ**

1. വിവിധ നാടൻ കലകളെ പരിചയപ്പെടുത്തൽ : ഓരോ കലകളിലും ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.

**ജനുവരി**

1. ശിൽപ്പ നിർമ്മാണവുമായി ബന്ധപ്പെട്ട സാധ്യതകൾ മനസ്സിലാക്കുന്നു.
2. എടയ്ക്കൽ ഗുഹ, മഹാബലിപുരം തുടങ്ങിയ ശിൽപ്പങ്ങൾ ഉൾക്കൊള്ളുന്ന വിവിധ സ്ഥലങ്ങളെക്കുറിച്ചുള്ള അിറവ് നേടുന്നു.

**ഫെബ്രുവരി**

1. നവരസങ്ങളെക്കുറിച്ചുള്ള വിവരണം, പരിശീലനം.
2. ഭാവാഭിനയം ഉൾച്ചേർന്ന നൃത്തരൂപങ്ങൾ കഇഠ സാധ്യതയിലൂടെ കണ്ട് മനസ്സിലാക്കുന്നു.
3. അഭിനയ രീതി പരിശീലിപ്പിക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ – തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| No. | ലക്ഷ്യങ്ങൾ | പ്രവർത്തനം | ഭൗതികം | കാലയളവ് | സാമ്പത്തികം | പിൻതുണ |
|---|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികളെയും പഠന അനുഭവങ്ങളുടെ ഭാഗമാക്കൽ | നോട്ട് ബുക്ക് നിർമ്മാണം, പൂന്തോട്ട നിർമ്മാണം, ജൈവ കൃഷി | നിർമ്മാണ സാമഗ്രികൾ | ജൂൺ – ആഗസ്റ്റ് | | HM, WIE അധ്യാപിക |
| 2 | പോഷകാഹാരം ചിലവ് കുറഞ്ഞ രീതിയിൽ തയ്യാറാക്കുന്നതിന് | ചീര സൂപ്പ്, ഇലത്തോരൻ, സാലഡുകൾ | നിർമ്മാണ സാമഗ്രികൾ | ജൂലൈ – ആഗസ്റ്റ് | | WIE അധ്യാപിക MPTA |
| 3 | പ്ലാസ്റ്റിക്കിന് | ഉപയോഗശൂന്യമായ | നിർമ്മാണ | ജൂൺ – | | HM WIE |

| | | | | | | |
|---|---|---|---|---|---|---|
| | എതിരെയുള്ള പരിസ്ഥിതി സംരക്ഷണം | വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണം. പേപ്പർ ക്യാരി ബാഗ് നിർമ്മാണം, പഴയ വസ്ത്രങ്ങൾ കൊണ്ട് സഞ്ചി നിർമ്മാണം | സാമഗ്രികൾ | മാർച്ച് | | അധ്യാപിക PTA |
| 4 | വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും മോടി കൂട്ടുന്നതിനും ഉള്ള പ്രവർത്തനങ്ങൾ | വസ്ത്രം നിർമ്മിക്കുന്നതിന് ആവശ്യമായ അളവെടുപ്പ് തുണിയിൽ ഫാബ്രിക് പെയിന്റിംഗ് വെജിറ്റബിൾ പ്രിന്റ് എംബ്രോയിഡറി ടൈ ആൻഡ് ഡൈ ബാത്തിക് | നിർമ്മാണ സാമഗ്രികൾ | സെപ്റ്റം ബർ - ഡിസം ബർ | | WIE അധ്യാപിക MPTA |
| 5 | ആഘോഷവേളകൾ അലങ്കരിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ | ആശംസ കാർഡ്, ക്രിസ്തുമസ് സ്റ്റാർ | നിർമ്മാണ സാമഗ്രികൾ | ഡിസം ബർ - ജനുവരി | | WIE അധ്യാപിക |
| 6 | ഓഫീസ് സ്റ്റേഷനറി | ഓഫീസ് ഫയൽ, റൈറ്റിംഗ് ബോർഡ്, എൻവലപ്പ് | നിർമ്മാണ സാമഗ്രികൾ | ജനുവരി - ഫെബ്രു വരി | | HM WIE അധ്യാപിക |

# ലിറ്റിൽ കൈറ്റ്

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് എ.ടി. ക്ലബ്ബ് സ്കൂളിൽ പ്രവർത്തിക്കുന്നു. 60 കുട്ടികൾ ഈ ക്ലബ്ബിൽ അംഗങ്ങളാണ്. കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, ഹാർഡ് വെയർ ഇലക്ട്രോണിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം സ്കൂളിൽ നൽകുന്നു. മാത്രമല്ല, വിദഗ്ദ്ധരുടെ ക്ലാസ്സുകളും ഒപ്പം സംഘടിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

1. സ്കൂൾ വിക്കിയിൽ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുക.
2. രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നു.
3. ഭിന്നശേഷിക്കാർക്ക് ഐ.ടി. പരിശീലനം
4. ഡിജിറ്റൽ സ്കൂൾ മാഗസീൻ നിർമാണം.
5. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ Documentation, Video നിർമ്മാണം എന്നിവ ഒരുക്കുന്നു.
6. പൊതു ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നു.
7. എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് പ്ലസ് വൺ അഡ്മിഷന് വേണ്ടി ഏകജാലകം ഹെല്പ്പ് ഡെസ്ക് രൂപീകരിക്കുന്നു.
8. കാലോചിതമായ മറ്റ് പ്രവർത്തനങ്ങൾ കൂടി വിലയിരുത്തി നടപ്പിലാക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

കായിക വിദ്യാഭ്യാസം എന്നത് ശാരീരിക ക്ഷമത, ആരോഗ്യം, വ്യക്തിത്വ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ഭാഗമാണ്. കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനപ്പെടുന്ന വിവിധ തരം പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

**കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.**

- ❖ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുക.
- ❖ ആരോഗ്യം മെച്ചപ്പെടുത്തുക.
- ❖ വ്യക്തിത്വ വികസനം പ്രോത്സാഹിപ്പിക്കുക.
- ❖ മനസ്സിനെ ഉന്മേഷദായകമാക്കുക.
- ❖ സാമൂഹിക ഇടപെടൽ പ്രോത്സാഹിപ്പിക്കുക.

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

## Health and Physical Education

**(കായിക വിദ്യാഭ്യാസ - പ്രവർത്തനങ്ങൾ)**

- During class hours both pratical and theory are coverd.
- June to March – Sports training for abled and selected students (Evening sessions only)
- Mainly planning to develop state, National level throwers through Throws Academy.
- During first term planning to cinduct fitness test and to provide health cards.
- June 21 – Yoga day celebration
- Annual Sports Meet
- Football Tournaments
- Kho-Kho Tournament
- Chess Tournaments

## കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ സാമ്പത്തീകം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ | • ആത്മവിശ്വാസം, ധൈര്യം, ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കത്തൽ<br>• ഗൃഹസന്ദർശനം, നിരീക്ഷണം, പ്രശ്ന പരിഹരണം | കൗൺസിലിംഗ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

| | | | | |
|---|---|---|---|---|
| | തുടങ്ങിയ വിവിധ മാർഗ്ഗ ങ്ങൾ അവ ലംബിച്ച് കൗൺസി ലിംങ്ങ് ഫല പ്രദമാക്കൽ | | | |

**വാർഷികാസൂത്രണം**

**ജൂൺ**

പ്രവേശനോത്സവം -

പരിസ്ഥിതി ദിനാചരണം -

വായനാ ദിനം - വാരം - കൈരളി

ലഹരി വിരുദ്ധ ദിനം -

വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം -

ലോക സംഗീത ദിനം -

**ജൂലൈ**

ഞാറ്റുവേല -

വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം -

ജനസംഖ്യാ ദിനം -

ജോൺ ഡാൾട്ടൺ ഡേ പ്രതിവാരക്വിസ് - മാത്സ്

**ആഗസ്റ്റ്**

ഹിരോഷിമ നാഗസാക്കി ദിനം -

ക്വിറ്റ് ഇൻഡ്യ ദിനം -

സ്വാതന്ത്ര്യദിനാഘോഷം -

| | | |
|---|---|---|
| ചിങ്ങം 1 കർഷക ദിനം | – | |
| വിദ്യാരംഗം സാഹിത്യ ക്വിസ് | – | |
| **സെപ്റ്റംബർ** | | |
| ഓണാഘോഷം - പൂക്കളമത്സരം | – | |
| കായിക മത്സരങ്ങൾ, ഓണപ്പായസം | – | |
| അധ്യാപക ദിനം | – | |
| ഹിന്ദി ഭാഷാ ദിനാചരണം | – | |
| ഓസോൺ ദിനം | – | |
| ഗണിത പൂക്കള മോഡൽ ദിനം | – | |
| **ഒക്ടോബർ** | | |
| ഗാന്ധി ജയന്തി | – | |
| ലോക ഭാഷ്യ ദിനം | – | |
| ശാന്തി യാത്ര | – | |
| മോൾ ദിനം | – | |
| വയലാർ അനുസ്മരണ ദിനം | – | കൈരളി |
| **നവംബർ** | | |
| കേരളപ്പിറവി | – | കൈരളി |
| ദേശീയ വിദ്യാഭ്യാസ ദിനം | – | |
| ശിശുദിനം | – | |
| സി.വി. രാമൻ ദിനം | – | |
| നെഹ്റു - രാഷ്ട്രീയ ശില്പി ഉപന്യാസ മത്സരം | – | |
| **ഡിസംബർ** | | |
| തുഞ്ചൻ ദിനം | – | |
| എയ്ഡ്സ് ദിനം | – | |

| | |
|---|---|
| മനുഷ്യാവകാശദിനം | – |
| ദേശീയ ഊർജ്ജ സംരക്ഷണദിനം | – |
| വൈലോപ്പിള്ളി അനുസ്മരണം | – |
| ഇടശ്ശേരി ജന്മദിനം | – |
| ക്രിസ്തുമസ്സ് ആഘോഷം | – |
| രാമാനുജൻ ദിനം | – |
| ദേശീയ ഗണിത ശാസ്ത്രദിനം | – |
| **ജനുവരി** | |
| ന്യൂ ഇയർ ആഘോഷം | – |
| SSLC വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ | – |
| പ്രത്യേക പരിശീലന പരിപാടികൾ | – |
| റിപ്പബ്ലിക് ഡേ | – |
| രക്തസാക്ഷി ദിനം | – |
| **ഫെബ്രുവരി** | |
| അന്താരാഷ്ട്ര മാതൃഭാഷാദിനം | – |
| ദേശീയ ശാസ്ത്ര ദിനം | – |
| റിവിഷൻ | – |
| സ്കൂൾ ആനുവൽ ഡേ | – |
| **മാർച്ച്** | |
| ലോക ജലദിനം | – |
| വനിതാ ദിനം | – |
| പരീക്ഷകൾ | – |
| **ഏപ്രിൽ** | |

മൂല്യ നിർണ്ണയം -

റിസൾട്ട് തയ്യാറാക്കൽ -

മെയ്

റിസൾട്ട്, റ്റി.സി. വിതരണം -

പുസ്തക വിതരണം -

അഡ്മിഷൻ -

**മോണിറ്ററിംഗ്**

അക്കാദമിക നിലവാരം മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് മോണിറ്ററിംഗ് അത്യാവശ്യമാണ്.

സ്കൂൾ ആരംഭിച്ച ദിവസം തന്നെ ഹെഡ്മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് തനത് വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ചും പോയ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ ക്ലബ്ബുകളുടേയും പ്രവർത്തനങ്ങളുടേയും ഭാരവാഹികളെ തിരഞ്ഞെടുത്തു.

സ്കൂൾതല മോണിറ്ററിംഗ് സമിതിയുടെ കൺവീനർ ആയി ഹെഡ്മാസ്റ്ററും, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി. കൺവീനർ, എസ്.ഐ.റ്റി.സി. കൺവീനർ, പി.റ്റി.എ., എം.പി.റ്റി.എ. പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായ സമിതി രൂപീകരിക്കപ്പെട്ടു.

**ഗ്രേഡ് മെച്ചപ്പെടുത്തൽ**

പിന്നോക്കക്കാരെ വർഷാരംഭത്തിൽ തന്നെ കണ്ടെത്തി അവർക്കായി പ്രത്യേക പഠന പദ്ധതി ആവിഷ്കരിക്കുന്നു. രാവിലെ 8.45 മുതൽ സ്റ്റഡി ടൈം ആരംഭിക്കും. ക്ലാസ്സിലെ മികച്ച കുട്ടികളുടെ നേതൃത്വത്തിൽ ഗ്രൂപ്പ് സ്റ്റഡി, വൈകുന്നേരങ്ങളിൽ അദ്ധ്യാപകരുടെ സഹായത്തോടെ പ്രത്യേക പരിശീലനം, ഗൃഹസന്ദർശനം എന്നിവ

ആസൂത്രണം ചെയ്തിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ പിന്നോക്കക്കാർക്കായി പ്രത്യേക പരിശീലന ക്ലാസ്സും സംഘടിപ്പിക്കുന്നു.

**വിദ്യാരംഗം കലാസാഹിത്യവേദി**

വിദ്യാർത്ഥികളിൽ സാഹിത്യാഭിരുചി വളർത്തുവാനായി രൂപീകരിച്ച സംവിധാനമാണ് വിദ്യാരംഗം. നമ്മുടെ സ്കൂളിൽ കാലങ്ങളായി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ വർഷങ്ങളിൽ കോവിഡ് പ്രതിസന്ധിയിൽ ആയിരുന്നതിനാൽ നാമമാത്രമായ ഓൺലൈൻ പ്രവർത്തനങ്ങളാണ് നടന്നത്. സർക്കാർ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ കൃത്യമായി നടക്കുന്നുണ്ട്. വർഷാവർഷം നടത്താറുള്ള കലാ മത്സരങ്ങൾ, ശില്പശാല തുടങ്ങിയവയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാറുണ്ട്. വരും വർഷങ്ങളിലും അതാവർത്തിക്കുന്നതാണ്. കൂടാതെ സ്കൂൾ തലത്തിൽ സാഹിത്യാഭിരുചി നടത്താനുള്ള പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു. കഥ - കവിത - പ്രസംഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ നടത്തണമെന്ന് ഉദ്ദേശിക്കുന്നു. രചനാ മത്സരങ്ങളും (കഥ, കവിത, ഉപന്യാസം) മറ്റു മത്സര പരിപാടികളും നടത്തി. പ്രോത്സാഹന സമ്മാനങ്ങൾ നൽകാനും ഉദ്ദേശിക്കുന്നു.

**Sahs kannoth**

**Health Club**

| | | |
|---|---|---|
| June | : | June 3 Health club അംഗങ്ങളുടെ തെരഞ്ഞെടുപ്പ് |
| | : | Covid protocol പരിശീലനം, സന്ദേശങ്ങൾ |
| | : | മഴക്കാലത്തുള്ള ആരോഗ്യ സംരക്ഷണ സന്ദേശം |
| | : | Class Xe Health minister – First Aid Kit, class Xe Health Register |
| | : | Folic Acid hnXcWw (Iron Tablet) |
| | : | കാഴ്ച പരിശോധന, ഢമരരശിമശേീ |
| | : | Balanced diet chart Hmtcm class epw body mass index പരിശോധനയും ആവശ്യമായ നിർദ്ദേശങ്ങളും – വ്യായാമം, നടത്തം, cycle ride. |
| | : | വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വ ബോധവൽക്കരണം |
| | : | Water bell system, കുടിവെള്ളം കുടിക്കുന്നതിന്റെ പ്രാധാന്യം |
| June 14 | : | ലോക രക്തദാനദിനം |
| July 1 | : | Docters day. |
| August 25 | : | Eye Donation. |
| September 1 to 7 | : | National Nutrition day |
| September 26 | : | ലോക ബധിരദിനം |
| September 28 | : | ഹൃദയദിനം |
| October 2 | : | ലോക മയക്കുമരുന്ന് ദിനം |

| | | |
|---|---|---|
| October16 | : | ലോകഭക്ഷ്യദിനം |
| November14 | : | ലോകപ്രമേഹദിനം |
| December 1 | : | World Aids Day |
| February 4 | : | World Cancer day |
| March 11 | : | No smoking day |
| April 7 | : | World health day |

**SAHS Kannoth**

**പരിസ്ഥിതി ക്ലബ്ബ് പ്രവർത്തനങ്ങൾ**

| | | |
|---|---|---|
| ജൂൺ 3 | – | ക്ലബ്ബ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് |
| ജൂൺ 5 | – | ലോക പരിസ്ഥിതി ദിനം – ദിനാചരണ പരിപാടികൾ – വൃക്ഷത്തൈ വിതരണം, സ്കൂളിൽ വൃക്ഷത്തൈ നടൽ, പരിസ്ഥിതി ദിന സന്ദേശം, പ്രസംഗ മത്സരം, മികച്ച കുട്ടി കർഷകൻ, ഫോട്ടോഗ്രാഫി മത്സരം, എല്ലാ മാസവും ആഴ്ചയിൽ ഫസ്റ്റ് പീരിയഡ് ഡ്രൈ ഡേ. |
| ജൂലൈ | – | സ്കൂൾ പരിസര ശുചിത്വ പരിപാലനം – സ്കൂൾ ഹരിത കർമ്മസേന ശുചീകരണം പ്ലാസ്റ്റിക് നിരോധനം |
| ഓഗസ്റ്റ് | – | ജൈവ വൈവിദ്ധ്യ പാർക്ക് നവീകരണം, ഇരിപ്പിടം ഒരുക്കുക, വള്ളിച്ചെടികൾ കൊണ്ടുള്ള പന്തൽ ഒരുക്കൽ, ക്ലബ്ബ് രൂപീകരണം, ഔഷധത്തോട്ടം, ശലഭോദ്യാനം |
| സെപ്റ്റംബർ | – | സെപ്റ്റംബർ 16 ഓസോൺ ദിനാചരണ പ്രവർത്തനങ്ങൾ, സന്ദേശം, പോസ്റ്റർ നിർമ്മാണ മത്സരം, വീഡിയോ പ്രദർശനം. |

| | | |
|---|---|---|
| ഒക്ടോബർ | - | ഒക്ടോബർ 1 മുതൽ 7 വരെ ലോക വന്യജീവി വാരാഘോഷം, വന്യജീവി സംരക്ഷണത്തിനായി വീട്ടിലും ചുറ്റുപാടുമുള്ള ജീവികളുടെ സംരക്ഷണത്തിന് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സർവ്വേ, രേഖപ്പെടുത്തലുകൾ, അവതരണം മികച്ചതിന് സമ്മാനം. |
| നവംബർ | - | നവംബർ 14 ചിൽഡ്രൻസ് ഡേ<br><br>പുതിയ നാളേക്കായി പ്രകൃതിയെ സ്നേഹിക്കുന്ന ബോധ്യം ഉണ്ടാക്കുവാനായി വിവിധ പ്രവർത്തനം. കുട്ടികൾ തയ്യാറാക്കിയ കവിതകൾ, ഫോട്ടോ, പ്രോജക്ട്, വീഡിയോ ക്ലിപ്പുകൾ ക്ലാസ്സ് തലത്തിൽ അവതരിപ്പിക്കുന്നു. |
| ഡിസംബർ | - | ഡിസംബർ 2 ഭോപ്പാൽ ട്രാജഡി ഡേ<br><br>പരിസ്ഥിതി മലിനീകരണത്തിനെതിരെ പോസ്റ്റർ, സന്ദേശം ഉൾപ്പെടിട്ടുള്ള റാലി |
| ജനുവരി | - | |
| ഫെബ്രുവരി | - | ഫെബ്രുവരി 2 വേൾഡ് വെറ്റ്ലാൻഡ് ഡേ, മെസ്സേജ്, വീഡിയോ പ്രദർശനം |
| മാർച്ച് 21 | - | വേൾഡ് ഫോറെസ്റ്റ് ഡേ, പെയിന്റിംഗ് ട്രീ, മെസ്സേജ്, വീഡിയോ ക്ലിപ്പിംഗ്, വനയാത്ര ക്വിസ് കോമ്പറ്റീഷൻ, നക്ഷത്രവന നിർമ്മാണം. |

## ജാഗ്രത സമിതി റിപ്പോർട്ട്

സ്കൂൾ ജാഗ്രതാ സമിതി രൂപീകരിച്ച് 2023-24 വർഷത്തേക്കുള്ള കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു.

1) Sri. Roshin Mathew

2) Sr. Linet

3) Jyothis Jacob

4) Dally Philip

വിവിധ പ്രശ്നങ്ങളിൽ (ഫോൺ, ലഹരി) അകപ്പെടുന്ന കുട്ടികളെ കണ്ടെത്തി പ്രശ്നപരിഹാരം മാർഗ്ഗങ്ങൾ കൈക്കൊള്ളുന്നു. നിയമപാലകരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ജാഗ്രത സമിതി ബോർഡ് സ്കൂൾ പരിസരത്ത് സ്ഥാപിക്കും. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിംഗിന്റെ സഹായം ലഭ്യമാക്കും. പ്രശ്നങ്ങൾ ഉള്ള കുട്ടികളുടെ ഭവന സന്ദർശനം നടത്തി. കുടുംബ പശ്ചാത്തലം മനസ്സിലാക്കുന്നു. എല്ലാ ക്ലാസ്സിൽ നിന്നും ജാഗ്രത സമിതിയിലേക്ക് രണ്ടു കുട്ടികളെ വീതം തിരഞ്ഞെടുക്കുന്നു. അവരിലൂടെ ക്ലാസ്സിലെ കുട്ടികൾക്കിടയിലുള്ള പ്രശ്നങ്ങൾ ക്ലാസ്സ് ടീച്ചർ മുഖേന സമിതി മെമ്പർമാരെ അറിയിക്കുന്നു.

## Noon Feeding അടുക്കളത്തോട്ടം

### 2025 – 2026 വർഷത്തെ ഉച്ചഭക്ഷണ പദ്ധതി

ശരിയായ ഭക്ഷണക്രമത്തിലൂടെ കുട്ടികളുടെ സന്തുലിതമായ ആരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകുന്നു.

ലക്ഷ്യം : എട്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഭക്ഷണം ലഭ്യമാക്കുന്നു.

**പ്രവർത്തനങ്ങൾ**

വൈവിദ്ധ്യമാർന്ന ഉച്ചഭക്ഷണം, വൃത്തിയുള്ള സാഹചര്യം, അണുവിമുക്തമായ അന്തരീക്ഷം എന്നിവയിലൂടെ മികച്ച രീതിയിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കും.

സ്കൂൾ നേച്ചർ ക്ലബ്ബിന്റെ സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിച്ച് വിഷ രഹിതമായ പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതാണ്.

കുട്ടികളുടെ ശാരീരിക, മാനസീക വളർച്ചയ്ക്കും, വികാസത്തിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും, ആവശ്യമായ ഊർജ്ജം നൽകുന്ന മാസ്യം, കൊഴുപ്പ്, ധാതുക്കൾ തുടങ്ങിയ പോഷക ഗുണങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി മെനു തയ്യാറാക്കും.

ആഴ്ചയിൽ ഒരു മുട്ട പുഴുങ്ങിയതോ, കറിവെച്ചോ കുട്ടികൾക്ക് നൽകും. ആഴ്ചയിൽ രണ്ടു പ്രാവശ്യം 150 മില്ലി ലിറ്റർ തിളപ്പിച്ച പാൽ ഓരോ കുട്ടികൾക്കും നൽകും. മുട്ട ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുട്ടയ്ക്ക് തുല്യമായ വിലയുള്ള നേന്ത്രപ്പഴം നൽകുന്നതാണ്.

## ജെ.ആർ.സി.

ഇവിടെ ജെ.ആർ.സി. യുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. ഒരു യൂണിറ്റിൽ 30 കുട്ടികളെ പങ്കെടുപ്പിക്കാം. ഈ വർഷം യു.പി. സ്കൂളിൽ നിന്ന് വരുന്ന ജെ.ആർ.സി. കുട്ടികളെ ആദ്യം ചേർക്കുകയും ബാക്കി വരുന്ന കുട്ടികളെ താല്പര്യമനുസരിച്ച് ചേർക്കുന്നതാണ്.

കഴിഞ്ഞ അധ്യയന വർഷത്തിൽ (10 ൽ) 18 കുട്ടികൾ ഉണ്ടായിരുന്നു. ഇപ്പോൾ ഒൻപതാം ക്ലാസ്സിൽ 24 കുട്ടികൾ ഉണ്ട്.

## സ്കൗട്ട് & ഗൈഡ്സ്

സ്കൂളിൽ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സ്കൗട്ട് ഒരു യൂണിറ്റും ഗൈഡ്സ് രണ്ട് യൂണിറ്റുമാണ് പ്രവർത്തിച്ചുവരുന്നത്. കുട്ടികളുടെ മാനസീക ആരോഗ്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭാവിയുടെ വാഗ്ദാനങ്ങളായി വളരുന്നതിനും കുട്ടികളെ ഇത് സഹായിക്കുന്നു.

## വൈ.ഐ.പി. മാസ്റ്റർ പ്ലാൻ–നുമായി ബന്ധപ്പെട്ട റിപ്പോർട്ട്

അക്കാദമിക് മാസ്റ്റർ പ്ലാൻ അടുത്ത മൂന്നു വർഷത്തേയ്ക്ക് നടത്താനിരിക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒരു പ്രോഗ്രാമായ വൈ.ഐ,പി. (Young innovation programme) പ്രവർത്തനം മുന്നൊരുക്ക റിപ്പോർട്ട് ആണ് ഇവിടെ അവതരിപ്പിക്കുന്നത്.

കുട്ടികളുടെ ആശയങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള പദ്ധതിയുമായി കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (K-DISC) യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിനുള്ള (YIP) രജിസ്ട്രേഷൻ 2021 ഡിസംബർ മാസത്തിൽ നടക്കുകയുണ്ടായി. നൂതന ആശയങ്ങളുമായി കുട്ടികൾ പൂർണ്ണമായ രജിസ്ട്രേഷൻ റേഷൻ 2022 ഫെബ്രുവരിയിൽ വൈ.ഐ.പി. സൈറ്റിൽ സമർപ്പിക്കുകയും ചെയ്തു. 6 അംഗങ്ങളുമായി വൈ.ഐ.പി.യുടെ പ്രാഥമിക രജിസ്ട്രേഷൻ പൂർത്തിയായി.

എക്കാലത്തും ലോകത്തെ വഴിതിരിച്ചു വിട്ടിട്ടുള്ള പ്രതിഭകൾ പഠന രംഗത്ത് മികവ് തെളിയിച്ചവരാകില്ല. വലിയ വലിയ സംഭാവനകൾ ചെയ്ത ശാസ്ത്രജ്ഞന്മാർക്കും, കഴിവു തെളിയിച്ച സുപ്രസിദ്ധ വ്യക്തികൾക്കും അവരുടേതായ കഴിവുകളും, വേറിട്ട ചിന്തകളും ആശയങ്ങളും ഉള്ളവരായിരുന്നു. അത്തരം വേറിട്ട ചിന്തകൾ വിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തി പിന്തുണ ഒരുക്കി സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ഉള്ള പ്രയത്നമാണ് യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിലൂടെ സർക്കാർ നടത്തുന്നത്. മൂന്ന് വർഷം കാലാവധിയുള്ള ഈ പദ്ധതിയുടെ 2020–23 ഐഡിയ രജിസ്ട്രേഷൻ കോമഡി മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വഴിയാണ് ഐഡിയ പ്രസന്റേഷനും, സെമിനാറും

നടത്തുന്നത്. 12 മുതൽ 32 വരെ ആണ് പ്രായപരിധി. സ്കൂൾ വിദ്യാർത്ഥികൾ മുതൽ ഗവേഷണ വിദ്യാർത്ഥികൾക്ക് വരെ പദ്ധതിയിൽ പങ്കാളികളാകാം. കൃഷി, മൃഗസംരക്ഷണം, സാങ്കേതിക സഹായ വിദ്യ, ബിസിനസ് മോഡൽ ഇന്നവേഷൻസ്, കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും ആധുനിക വൈദ്യ സഹായങ്ങൾ, മെഡിസിൻ, മെഡിക്കൽ ടെക്നോളജി, സിദ്ധ ആയുർവേദം. അലോപ്പതി, ഹോമി യോപ്പതി, മാലിന്യ സംസ്ക്കരണം, കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, മത്സ്യബന്ധന മേഖല തുടങ്ങിയ 21 വിഷയങ്ങളാണ് വിദ്യാർത്ഥികളുടെ മുമ്പിൽ അവതരിപ്പിക്കപ്പെ ടുന്നത്. രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ സമർപ്പിക്കുന്ന യോഗ്യമായ പ്രോജക്ടു കൾക്ക് ആ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം വൈ. ഐ.പി ഉറപ്പു നൽകുന്നു. ഇതിന്റെ പ്രവർത്തന തുടർച്ചയായി സ്കൂൾ തലത്തി ലുള്ള മെൻഡർക്കുള്ള ട്രെയിനിംഗ് അടുത്തമാസം വൈ.ഐ.പി യുടെ മേൽനോട്ട ത്തിൽ നടത്തുന്നതാണ്. വൈ.ഐ.പി. യുമായി ബന്ധപ്പെട്ട കുട്ടികൾക്കുള്ള സംശയം സ്വീകരിക്കുന്നതിവപം കൂടുതൽ കുട്ടികളെ പ്രോഗ്രാമിലേക്ക് ആകർഷി ക്കുന്നതിനും വേണ്ടി വൈ.ഐ.പി. യുടെ റിസോഴ്സ് പേഴ്സൺസ് ക്ലാസുകൾ എടു ക്കുന്നതാണ്. സ്കൂൾ തല സെമിനാറുകളും ക്ലാസുകളും ഇതുമായി ബന്ധപ്പെട്ട വിവിധ പ്രോഗ്രാമുകളാണ് വരുന്ന വർഷങ്ങളിൽ അവതരിപ്പിക്കുകയും കുട്ടി ശളാ സ്ത്രജ്ഞൻമാരെ കണ്ടെത്തേണ്ടതുണ്ട്. സ്കൂൾ മെന്ററായ എനിക്ക് കൂടുതൽ ട്രെയിനിംഗ് ലഭിക്കുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങളും കുട്ടികൾക്കും ഉള്ള ട്രെയിനിംഗ് നടത്തുന്നതാണ്. അതുവഴി കൂടുതൽ കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് ആകർഷിക്കുന്നതാണ്.

**പദ്ധതിയുടെ പേര് പുസ്തക കളരി**

**അവസ്ഥ അവലോകകരം**

മലയോര മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് ആവശ്യത്തിന് പുസ്തകം വായിക്കാൻ സൗകര്യം കുറവാണ്. അത് പരിഹരിക്കാൻ വിദ്യാലയത്തിൽ ഒരു ലൈബ്രറി. വായനാ ദിനത്തിൽ ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കുന്നു.

**ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ വായനാശീലം വളർത്തുക
2. ഭാഷാപരമായ കഴിവ് ആർജ്ജിക്കുക
3. വായനയിൽ താൽപര്യം ജനിക്കുക
4. പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് പ്രയോജനപ്പെടുത്താം
5. പൊതുവിജ്ഞാനം വളർത്തുക
6. സാഹിത്യാഭിരുചി വികസിപ്പിക്കുക
7. സ്വതസിദ്ധമായി ഭാഷ പ്രയോഗിക്കാനുള്ള നൈപുണി നേടുക
8. വിവിധ സാഹിത്യ മേഖലകൾ തിരിച്ചറിയുക
9. നൂതനാശയങ്ങൾ, മാറിവരുന്ന സാമൂഹിക മാറ്റങ്ങൾ ഗ്രഹിക്കാൻ കഴിവ് നേടുന്നു

**2025-2026 അക്കാദമിക് മാസ്റ്റർ പ്ലാൻ**

**പ്രവർത്തനം (പ്രവർത്തന ഘട്ടങ്ങൾ)**

1. പുസ്തകം ശേഖരിക്കാൻ - പുസ്തകം സംഭാവന നൽകാൻ താൽപര്യമുള്ള കുട്ടികളെ നിന്നും അദ്ധ്യാപകരിൽ നിന്നും സ്കൂൾ ഫണ്ട് ഉപയോഗിച്ചും പുസ്തകം ശേഖരിക്കുന്നു.
2. കുട്ടികൾക്ക് ഇരുന്ന് വായിക്കാൻ ആവശ്യമായ റീഡിങ്ങ് റൂം സജ്ജീകരിക്കുന്നു
3. വിഷയാടിസ്ഥാനത്തിൽ പുസ്തകങ്ങൾ തരംതിരിച്ചു.
4. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

5. ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ

6. ആഴ്ചയിൽ ഒരു പീരീഡ് ലൈബ്രറി ആയാൽ നല്ലതായിരുന്നു.

7. രണ്ടാഴ്ച കൂടുമ്പോൾ പുസ്തകം വാങ്ങി പുതിയ പുസ്തകം വായനക്കായി നൽകുന്നു

8. വായിച്ച പുസ്തകത്തിന്റെ ആസ്വാദനകുറിപ്പ് തയ്യാറാക്കൽ, മികച്ചവ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു

9. അതിനായി ഓരോ കുട്ടിയുടെ പക്കൽ ഒരു ലൈബ്രറി ബുക്ക് ഉണ്ടായിരിക്കുന്നത് നല്ലതായിരിക്കും

10. സ്കൂൾ ലൈബ്രറി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി എന്ന ആശയം നടപ്പിലാക്കി

11. ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ കണ്ടെത്തി സമ്മാനം നൽകുന്നു

12. പുസ്തകപ്രദർശനം സാധ്യമാക്കുന്നതാണ്, ബർത്ത്ഡേ ആഘോഷിക്കുന്ന കുട്ടികൾ മിഠായിത്ത് പകരം ഒരു പുസ്തകം ലൈബ്രറിയിലേക്ക് സംഭാവന നൽകുന്നത് മുൻവർഷത്തെപോലെ തന്നെ തുടരുന്നു.

# ഉപസംഹാരം

സെന്റ്. ആന്റണീസ് ഹൈസ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വദോന്മുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയ രീതിയിൽ നടപ്പിലാക്കുവാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും ജനപ്രതിനിധികളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കുമെന്ന ശുഭപ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഇവിടെ ഉപസംഹരിക്കട്ടെ.